# ഇടുക്കി ജില്ലയിലെ കാർഷിക തകർച്ചയും കർഷകരുടെ കടബാദ്ധ്യത യേയും കുറിച്ച് ഡോ. ബി.എ. പ്രകാശ് (സാമ്പത്തികശാസ്ത്ര വകുപ്പ് മേധാവി, കേരളസർവ്വകലാശാല) നടത്തിയ പഠനത്തിന്റെ സംഗ്രഹവും നിർദ്ദേശങ്ങളും

## ജില്ലയുടെ പ്രത്യേകതകൾ

* നഗരവൽക്കരണം തീരെ നടക്കാത്തതും (95 ശതമാനം ജനങ്ങൾ ഗ്രാമവാസികൾ) 44 ശതമാനം തൊഴിലും കാർഷിക അനുബന്ധമേഖലയിലുള്ളതും, മൊത്തം കുടുംബങ്ങളിൽ മൂന്നിൽ ഒന്ന് ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നവരും, തൊഴിലിനുവേണ്ടി കാര്യമായ കുടിയേറ്റമില്ലാത്തതുമായ ഒരു പിന്നാക്ക, ഗ്രാമീണ, മലയോര സമ്പദ്ഘടനയാണ് ഇടുക്കി ജില്ല.

* കഴിഞ്ഞ പത്തുവർഷങ്ങളിൽ അഞ്ചുവർഷവും സാധാരണ ലഭിക്കേണ്ട മഴയേക്കാൾ കുറഞ്ഞ തോതിൽ മഴ ലഭിച്ചിരുന്നതുമൂലം ജില്ല ജലക്ഷാമവും വരൾച്ചയും അഭിമുഖീകരിച്ചിരുന്നു.

* കേരളത്തിലെ മൊത്തം ഏലം കൃഷിഭൂമിയുടെ 79 ശതമാനവും, കുരുമുളകിന്റെ 35 ശതമാനവും, തേയിലയുടെ 68 ശതമാനവും കൊക്കോയുടെ 47 ശതമാനവും, ഈ ജില്ലയിലാണ്. കർഷകർ കൃഷിയിടത്തിൽ ഒന്നിലധികം വിളകൾ ഒരുമിച്ചു കൃഷിചെയ്യുന്നു.

* കാർഷിക പ്രതിസന്ധിയുള്ള ഇടുക്കി ജില്ലയിൽ കൊക്കോ കൃഷിയും അതിൽനിന്നുള്ള വരുമാനവും കർഷകർക്ക് കുറെ ആശ്വാസം നല്കുന്ന ഒരു പ്രധാന ഘടകമാണ്.

## സർവ്വേയുടെ നിഗമനങ്ങൾ

* ജില്ലയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളിലെ (വാഴത്തോപ്പ്, കരിമണ്ണൂർ, കൊന്നത്തടി) 120 കർഷക കുടുംബങ്ങളിൽ സർവ്വേ നടത്തി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രധാന പഠന നിഗമനങ്ങൾ താഴെ ചേർക്കുന്നു.

* സർവ്വേ നടത്തിയ കർഷക കുടുംബങ്ങളിൽ 55 ശതമാനവും കൃഷിയും അനുബന്ധ തൊഴിലുകളും മാത്രം ചെയ്യുന്നവരും അവയിൽ നിന്നുമാത്രം വരുമാനം ലഭിക്കുന്നതുമായ കുടുംബങ്ങളാണ്.

* സർവ്വേ നടത്തിയ കുടുംബങ്ങളിലെ 74 ശതമാനം കുടുംബനാഥൻമാരും കർഷകരോ, കാർഷികപ്രവർത്തനങ്ങൾ ചെയ്യുന്നവരോ, കർഷകതൊഴിലാളികളോ ആണ്. ഈ കുടുംബങ്ങളിലെ മൊത്തം തൊഴിൽ ചെയ്യുന്നവരിൽ 57 ശതമാനവും കൃഷിയും അനുബന്ധ തൊഴിലുകളിലും ഏർപ്പെടുന്നവരാണ്.

* സർവ്വേ നടത്തിയ കർഷകരിൽ 73 ശതമാനം പേരും തീരെ ചെറിയ തുണ്ട് ഭൂമിയുള്ളതും, കൃഷിയിൽനിന്നും ജീവിക്കാൻ വേണ്ട വരുമാനം ലഭിക്കാൻ സാദ്ധ്യതയില്ലാത്തതുമായ നാമമാത്ര കർഷകരാണ്. കർഷകരിൽ 46 ശതമാനംപേരും അര ഹെക്ടറിന് (1.23 ഏക്കർ) താഴെ കൃഷിഭൂമിയുള്ള കർഷകരാണ്. മറ്റൊരു 27 ശതമാനം പേർക്ക് അരഹെക്ടർ മുതൽ ഒരു ഹെക്ടർ വരെ കൃഷിയിടമുണ്ട്.

* കർഷകരെല്ലാം കൃഷിയിടത്തിൽ ഒന്നിലധികം വിളകൾ ഒരുമിച്ച് കൃഷിചെയ്യുന്ന കൃഷിരീതി പിന്തുടരുന്നു.

  73 ശതമാനത്തിലധികം കർഷകരും കുരുമുളക്, നാളികേരം, കൊക്കോ എന്നിവ ഒരുമിച്ച് കൃഷിചെയ്യുന്നവരാണ്.

  നാണ്യവിളകളായ റബ്ബർ, ജാതി, അടയ്ക്ക, കാപ്പി എന്നിവയും ഭക്ഷ്യവിളകളായ നെല്ല്, ഏത്തപ്പഴം, മറ്റു പഴവർഗ്ഗങ്ങൾ എന്നിവയും കൃഷിചെയ്യുന്നുണ്ട്.

* മറ്റു കാർഷികവിളകളിൽനിന്നും റബ്ബർ കൃഷിയിലേക്ക് ധ്രുതഗതിയിലുള്ള മാറ്റം കാണപ്പെടുന്നു.

* ഇടുക്കിജില്ലയിലെ കാർഷികരംഗത്തെ പ്രതിസന്ധിയുടെ അടിസ്ഥാനകാരണം ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും (ഹെക്ടർ ഒന്നിന് ലഭിക്കുന്ന ഉത്പാദനം), വന്ന കുറവാണ്.

  അടുത്തകാലത്ത് കുരുമുളകിന്റെ ഉത്പാദനക്ഷമത 59 ശതമാനവും, നാളികേരം 48 ശതമാനവും, കൊക്കോ 37 ശതമാനവും റബ്ബർ 25 ശതമാനവും, ജാതി 38 ശതമാനവും കുറവുണ്ടായതായി സർവ്വേ കണ്ടെത്തി.

* വേണ്ടത്ര മഴ ലഭിക്കാതിരുന്നതും വ്യാപകമായ വരൾച്ചയും ഉത്പാദനക്ഷമത കുറഞ്ഞതിന്റെ പ്രധാനകാരണമായി കർഷകർ അഭിപ്രായപ്പെട്ടു.

* വിളകൾക്ക് രോഗം ബാധിച്ചതും അവ ഫലപ്രദമായി പരിഹരിക്കാൻ കഴിയാതിരുന്നതും ഉത്പാദനം കുറഞ്ഞതിന്റെ പ്രധാന കാരണമാണ്.

* കുരുമുളകിന് ബാധിച്ച ധ്രുതവാട്ടം ഉത്പാദനം കുറയാൻ ഇടയാക്കിയതായി 40 ശതമാനം കർഷകരും, കുരുമുളക്ചെടി വളർത്തുന്ന മുരുക്കിന് വന്ന രോഗം ഉത്പാദനം കുറച്ചതായി 27 ശതമാനം കർഷകരും അഭിപ്രായപ്പെട്ടു.

* നാളികേരത്തിന് പിടിപെട്ട മണ്ഡരിരോഗം ഉത്പാദനം ഗണ്യമായി കുറച്ചുവെന്ന് 28 ശതമാനം കർഷകർ അഭിപ്രായപ്പെട്ടു.

* കൊക്കോയ്ക്ക് ബാധിച്ച രോഗങ്ങൾമൂലം ഉത്പാദനം കുറഞ്ഞെന്ന് 43 ശതമാനം കർഷകരും, റബ്ബറിന് ബാധിച്ച രോഗങ്ങൾ ഉത്പാദനം കുറച്ചുവെന്ന് 13 ശതമാനം കർഷകരും അഭിപ്രായപ്പെട്ടു.

* വിളകൾക്ക് വേണ്ടത്ര പരിചരണം കൊടുക്കാത്തതും, ജലസേചനത്തിന്റെ അഭാവവും, വേണ്ടത്ര വളമിടാത്തതും ഉത്പാദനക്ഷമത കുറഞ്ഞതിന്റെ മറ്റു കാരണങ്ങളാണ്.

* കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ് കാർഷിക പ്രതിസന്ധിയുടെ ഒരു പ്രധാന കാരണമാണ്. കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കുള്ളിൽ കുരുമുളകിന്റെ വിലയിൽ 55 ശതമാനവും, കൊക്കോയുടെ വിലയിൽ 27 ശതമാനവും, ഏലത്തിന്റെ വിലയിൽ 50 ശതമാനവും, നാളികേരത്തിന്റെ വിലയിൽ 33 ശതമാനവും, ജാതിക്കായുടെ വിലയിൽ 42 ശതമാനവും കുറവുണ്ടായതായി സർവ്വേ കണ്ടെത്തി.

* മൂന്നിലൊന്നുഭാഗം കർഷകരും പ്രതിവർഷം കൃഷിചെലവിനായി പണമായി മാത്രം ചെലവഴിക്കുന്ന തുക 10,000 രൂപയിൽ താഴെ മാത്രമാണ്. മറ്റൊരു 20 ശതമാനം പേർ കൃഷിക്ക് വേണ്ടി 10,000-നും 20,000-നും ഇടയിൽ പണം ചെലവഴിച്ചിട്ടുണ്ട്.

* 79 ശതമാനം കർഷകരും കർഷകത്തൊഴിലാളിക്ഷാമം ഉണ്ടെന്ന് അഭിപ്രായപ്പെടുന്നു.

* ഭൂരിഭാഗം പേരുടെയും വാർഷിക കാർഷിക ഉത്പാദനം വളരെ കുറവാണ്. 42 ശതമാനം കർഷകരുടെ മൊത്തം വാർഷികഉത്പാദനം 10,000 രൂപയിൽ താഴെമാത്രമാണ്. മറ്റൊരു 12 ശതമാനം പേരുടേത് 10,000 മുതൽ 20,000 രൂപ വരെയാണ്.

* രണ്ട് ഹെക്ടറിന് മുകളിൽ കൃഷിഭൂമിയുള്ള കർഷകർക്ക് മാത്രമേ കാർഷിക ഉത്പാദനത്തിൽ നിന്നും ജീവിക്കാനാവശ്യമായ വരുമാനം ലഭിക്കുന്നുള്ളൂവെന്ന് സർവ്വേ കണ്ടെത്തി.

* വാണിജ്യബാങ്കുകൾ, സഹകരണബാങ്കുകൾ, കുടുംബശ്രീ, സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾ, സ്വകാര്യപണമിടപാടുകാർ, ഫണ്ടുകൾ തുടങ്ങിയവയിൽനിന്നും 90 ശതമാനം കർഷകകുടുംബങ്ങളും 20,000 രൂപയിൽ താഴെ മുതൽ 5 ലക്ഷം രൂപവരെ പണം കടമെടുത്തിട്ടുണ്ട്.

* കർഷകർ, കൃഷിക്ക് പുറമേ ഗൃഹനിർമ്മാണം, വീട് മെയിന്റനൻസ്, വിവാഹം, ചികിത്സ, കന്നുകാലികൾ വാങ്ങുക, കുട്ടികളുടെ വിദ്യാഭ്യാസം, ഗൃഹോപകരണങ്ങൾ വാങ്ങുക, ബിസിനസ് എന്നിവയ്ക്കു വേണ്ടി വായ്പ വിനിയോഗിച്ചിട്ടുണ്ട്.

* ബാങ്കുകളിൽനിന്നും സഹകരണബാങ്കുകളിൽനിന്നും വാങ്ങിയ വായ്പകൾ കർഷകർ തിരിച്ചടയ്ക്കുന്നില്ല. എന്നാൽ കുടുംബശ്രീയിൽ നിന്നും വായ്പയെടുത്ത ഭൂരിഭാഗം കർഷകരും വായ്പ തിരിച്ചടയ്ക്കുന്നു.

* ഭൂമിയുടെ പട്ടയത്തിന്റെ അഭാവത്താൽ വാണിജ്യബാങ്കുകൾ, സഹകരണബാങ്കുകൾ, മറ്റു ധനകാര്യസ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും പുതിയ വായ്പ ലഭിക്കാത്ത സാഹചര്യത്തിൽ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ, സ്വകാര്യ പണമിടപാടുകാർ, ഫണ്ടുകൾ തുടങ്ങിയവയിൽ നിന്നും പണം കടമെടുക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു.

* സംസ്ഥാന സർക്കാരിൽനിന്നോ, കർഷക കടാശ്വാസ കമ്മീഷനിൽനിന്നോ കടാശ്വാസം ലഭിക്കുമെന്ന പ്രതീക്ഷയിൽ ഭൂരിഭാഗം കർഷകരും വായ്പ തിരിച്ചടയ്ക്കുന്നില്ല.

**പ്രതിസന്ധി പരിഹരിക്കാൻ ചില നിർദ്ദേശങ്ങൾ**

* മഴയുടെ ലഭ്യതകുറവ് മൂലമുള്ള വരൾച്ച പരിഹരിക്കാൻ ജില്ലയിൽ നിലവിലുള്ള എല്ലാ ജലസേചന പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുക. ചെക്ക് ഡാമുകൾ, മറ്റു ചെറുകിട ജലസേചനപദ്ധതികൾ, ഇപ്പോഴുള്ള ജലസ്രോതസുകൾ എന്നിവ വികസിപ്പിക്കുക, ജലസേചന സംവിധാനങ്ങൾ സ്വകാര്യമേഖലയിലും പൊതുമേഖലയിലും ഉണ്ടാക്കുന്നതിനായി കർഷകർ, കർഷക സഹകരണസംഘങ്ങൾ, സ്വയംഭരണസ്ഥാപനങ്ങൾ തുടങ്ങിയവർക്ക് വായ്പകളും സർക്കാർ ഗ്രാന്റും നൽകുക.

* കുരുമുളക്, കൊക്കോ, റബ്ബർ, കാപ്പി, നാളികേരം, അടയ്ക്കാ മുതലായ നാണ്യവിളകളുടെ മാരകരോഗങ്ങൾ നിയന്ത്രിക്കുന്നതിന് കേരളകാർഷിക സർവ്വകലാശാലയുടെയും മറ്റു ഏജൻസികളുടെയും ഗവേഷണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും, സംസ്ഥാന ഏജൻസികൾ പരാജയപ്പെട്ടിടത്ത് കേന്ദ്രഗവേഷണ ഏജൻസികളുടെ സഹായം തേടുകയും ചെയ്യുക. അതോടൊപ്പം രോഗപ്രതിരോധ നടപടികൾ ശക്തിപ്പെടുത്താൻ കാർഷികവകുപ്പ് നടപടികൾ വിപുലീകരിക്കേണ്ടതാണ്.

* കേന്ദ്രവാണിജ്യ മന്ത്രാലയം ഒരു വിലനിയന്ത്രണ സെൽ രൂപീകരിക്കുകയും, കുരുമുളക്, ഏലം, കാപ്പി, തേയില, നാളികേരം, റബ്ബർ തുടങ്ങിയ നാണ്യവിളകളുടെ ആഭ്യന്തര വിലനിലവാരത്തെ നിയന്ത്രിച്ചു നിർത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക. ഇതോടൊപ്പം ആവശ്യമായ ഇറക്കുമതി നിയന്ത്രണങ്ങളും ഏർപ്പെടുത്തുക.

* കേന്ദ്രസർക്കാരിന്റെ കീഴിൽ വരുന്ന കോഫിബോഡ്, സ്പൈസസ്ബോഡ്, റബ്ബർബോഡ്, നാളികേരവികസനബോഡ്, മുതലായ സ്ഥാപനങ്ങൾ കാർഷിക ഉത്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് കമ്പോളത്തിൽ ഇടപെടുക. ഇതിനുവേണ്ടി കാർഷിക ഉത്പന്നങ്ങൾ ശേഖരിക്കുന്ന സംവിധാനങ്ങൾ സൃഷ്ടിക്കുക.

* വില തകർച്ചമൂലം പ്രതിസന്ധിയിലായ കർഷകർക്ക് കുരുമുളക്, ഏലം, കാപ്പി, നാളികേരം, തേയില മുതലായ കാർഷികവിളകൾക്ക് മെച്ചമായ വില നിലനിർത്തുന്നതിന് ഇവ ശേഖരിക്കാനുള്ള സംവിധാനങ്ങൾ സംസ്ഥാനസർക്കാർ നടപ്പിലാക്കുക.

* കാർഷിക തകർച്ചമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് സഹായം നൽകാൻ താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കാവുന്നതാണ്.

* റബ്ബർ ഒഴിച്ചുള്ള വിളകൾ കൃഷിചെയ്യുന്നതും അര ഹെക്ടറിന് താഴെമാത്രം കൃഷിയിടമുള്ളതും കൃഷിയെമാത്രം ആശ്രയിച്ചു കഴിയുന്നവർക്ക് ഒന്നാമത്തെ വിഭാഗമായി മുന്തിയ പരിഗണന നൽകിയും, അരഹെക്ടർ മുതൽ ഒരു ഹെക്ടർ വരെ കൃഷിയിടമുള്ള കൃഷിയെ മാത്രം ആശ്രയിച്ചു കഴിയുന്നവരെ രണ്ടാമത്തെ വിഭാഗമായും, ഒരു ഹെക്ടർ മുതൽ രണ്ട് ഹെക്ടർ വരെ കൃഷിയിടമുള്ളവരെ മൂന്നാം വിഭാഗമായും തിരിച്ച് ആശ്വാസനടപടികൾ കൈക്കൊള്ളാവുന്നതാണ്.

* റബ്ബറും മറ്റുവിളകളും കൃഷിചെയ്യുന്ന കർഷകരിൽ മൊത്തം കൃഷിയിടത്തിൽ ഭൂരിഭാഗവും റബ്ബർ കൃഷിചെയ്യുകയും റബ്ബറിൽനിന്നും ആദായം ലഭിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ ആശ്വാസനടപടികളിൽനിന്നും അവരെ ഒഴിവാക്കാവുന്നതാണ്.

* വരൾച്ച, കീടബാധ എന്നിവമൂലം മൂന്നിലൊന്ന് കൃഷിയും നശിച്ചതിനെയും ഒരു മാനദണ്ഡമായി സ്വീകരിക്കണം.

* കാർഷിക തകർച്ച നേരിടുന്ന ആദ്യ മൂന്ന് വിഭാഗങ്ങൾക്ക് കാർഷിക കടാശ്വാസമായി യഥാക്രമം 20,000 രൂപ, 30,000 രൂപ, 40,000 രൂപ എന്നിങ്ങനെ നൽകാവുന്നതാണ്.

* കർഷകരുടെ കാർഷികേതര ആവശ്യങ്ങൾ പരിഹരിക്കാൻ (ഗൃഹനിർമ്മാണം, വീട് മെയിന്റനൻസ്, വിവാഹം, ചികിത്സ, കുട്ടികളുടെ വിദ്യാഭ്യാസം, ഗൃഹോപകരണങ്ങൾ വാങ്ങുക തുടങ്ങിയവ) പുതിയ കാർഷികേതരവായ്പാ പദ്ധതികൾ ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും തുടങ്ങുക.

* കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് ബാങ്കുകളും മറ്റും കൂടുതൽ ധനസഹായം നൽകുക.

* കാർഷികേതര മേഖലകളിൽ സ്വയംതൊഴിൽ സംരംഭങ്ങളും ഉത്പാദനസംരംഭങ്ങളും മറ്റും തുടങ്ങാൻ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ധനസഹായവും വായ്പയും നൽകുക.

* ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പൊതുമരാമത്ത് പണികൾക്ക് പുറമേ തൊഴിലാളികളെ കർഷകരുടെ കാർഷികജോലികളിൽ ഏർപ്പെടാൻ അനുവദിക്കേണ്ടതാണ്. ഇത്തരത്തിലുള്ള തൊഴിലാളികളുടെ വേതനത്തിന്റെ 50 ശതമാനം കർഷകർ വഹിക്കേണ്ടതാണ്.

* കാർഷികസീസണിൽ കർഷകതൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനായി പ്രധാനപ്പെട്ട കാർഷിക സീസണിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇടുക്കിജില്ലയിൽ നിർത്തിവയ്ക്കേണ്ടതാണ്.

* കാർഷികേതരമേഖലകളിൽ പ്രത്യേകിച്ച് ചെറുകിടവ്യവസായം, കച്ചവടം, ബിസിനസ്, ടൂറിസം, സേവനം തുടങ്ങിയ മേഖലകളിൽ നിക്ഷേപം നടത്തി ഈ മേഖലകൾ വികസിപ്പിക്കേണ്ടതാണ്. അതിനായി ബാങ്കുകളും, ധനകാര്യസ്ഥാപനങ്ങളും വായ്പകൾ ലഭ്യമാക്കുകയും തൊഴിൽ പരിശീലനത്തിനായി വൊക്കേഷണൽ ട്രെയിനിംഗ് പദ്ധതികൾ, സർക്കാർ ഏജൻസികൾ, സാമൂഹ്യസന്നദ്ധ സംഘടനകൾ തുടങ്ങിയവ മുഖേന നടപ്പിലാക്കുകയും ചെയ്യുക.

* മലയോരജില്ലയായ ഇടുക്കിയിൽ പുതുതായി ഹയർസെക്കൻഡറി സ്കൂളുകളും, തൊഴിൽ പരിശീലനസ്ഥാപനങ്ങളും തുടങ്ങുക.

* തൊഴിലിന് വേണ്ടിയുള്ള കുടിയേറ്റം പ്രോത്സാഹിപ്പിക്കുക.

* ടൂറിസം വികസന പദ്ധതികൾവഴി ജില്ലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

******